കലാകൗമുദിയിൽ എഴുതിയിരിക്കുന്നത് ഈ മന്ത്രിസഭയിലെ ഏക ഗുണമുള്ള മന്ത്രി അങ്ങാണെന്നാണ്. അങ്ങയുടെ ചുമതലയിൽപ്പെട്ടതല്ലെങ്കിലും ഇന്ന് ഇത് അവതരിപ്പിക്കാൻ ഭാഗ്യമുണ്ടായി. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഗവൺമെന്റിന്റെ നിലപാട് പുന:പരിശോധിച്ച്, ഇപ്പോൾ പിരിയാൻ പോകുന്ന ഒരു ഗവൺമെന്റാണല്ലോ, കുട നിർമ്മാണ തൊഴിലാളികളെ സംബന്ധിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടാകണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി.സ്പീക്കർ : അടുത്ത ദിവസം തുടരാം (ചർച്ച തുടരും)

2. 2001- ലെ ആലപ്പുഴ തീരദേശ വികസന അതോറിറ്റി ബിൽ

(ശ്രീ. കെ. സി. വേണുഗോപാൽ നോട്ടീസ് നൽകിയത്)

ശ്രീ. കെ. സി. വേണുഗോപാൽ : സർ, 2001-ലെ ആലപ്പുഴ തീരദേശ വികസന അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. വിശ്വനാഥൻ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ, നമ്മുടെ സംസ്ഥാനത്തിൽ നിലവിലുള്ള പല വികസന അതോറിറ്റികളുടെയും പ്രവർത്തനങ്ങൾ പൊതുവിൽ പരിശോധിക്കുമ്പോൾ ഫലപ്രദമായിരുന്നില്ല എന്നുള്ളതാണ് അനുഭവം. ഇപ്പോഴാണെങ്കിൽ പ്ലാൻ ഫണ്ടിന്റെ പത്തു നാൽപ്പതു ശതമാനം തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് കൊടുക്കുന്നുണ്ട്. അതിനാൽ അവർക്ക് വികസന പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടാൻ അവസരമുള്ളതുകൊണ്ട് ഇതുപോലുള്ള അതോറിറ്റിയുടെ ആവശ്യം ഇല്ലെന്നുള്ളതാണ് ഗവൺമെന്റിന്റെ നിലപാട്.

ശ്രീ. കെ. സി. വേണുഗോപാൽ : സർ, ഇക്കാര്യത്തിലും ബഹുമാനപ്പെട്ട മന്ത്രിയിൽ നിന്ന് കിട്ടിയ മറുപടി ഒട്ടും ആശാവഹമല്ല. അങ്ങേക്കറിയാം, ഞാൻ ഈ ബില്ലിൽ പറഞ്ഞിരിക്കുന്നത് ആലപ്പുഴ പ്രദേശത്തിന്റെ പ്രത്യേകതകൾ. നമ്മുടെ നാട്ടിലും എല്ലാവർക്കും അറിയാം. ഒരു കാലത്ത് 'കിഴക്കിന്റെ വെനീസ്' എന്ന് നമ്മളെല്ലാവരും വിളിച്ചിരുന്ന പട്ടണം, കനാലുകളും കായലുകളും കടൽതീരങ്ങളും കൊണ്ട് പ്രകൃതി അതിന്റെ ഏറ്റവും മനോഹരമായ ഒരു പ്രദേശമാക്കി മാറ്റിയിരിക്കുന്ന പട്ടണം. പക്ഷേ ഇന്ന് ആ പട്ടണത്തിന്റെ അവസ്ഥ അങ്ങേക്കറിയാം. അങ്ങ് തന്നെ ഞങ്ങളൊക്കെ അഭ്യർത്ഥിച്ചതനുസരിച്ച് രണ്ടു മൂന്നു തവണ അതിന്റെ യോഗം വിളിച്ചു കൂട്ടി. ഒരു കാലത്ത് സൗന്ദര്യത്തിന്റെ പ്രതീകമായിരുന്ന ആ കനാലുകൾ ഇന്ന് മാലിന്യകൂമ്പാരങ്ങൾ നിക്ഷേപിക്കാനുള്ള ഡംപിംഗ് യാർഡുകളായിട്ട് മാറിയിരിക്കുകയാണ്. മലയാള സാഹിത്യത്തിലും, മലയാള സിനിമാലോകത്തുമൊക്കെ നിരവധി പ്രതിഭാധനന്മാരെ സംഭാവന ചെയ്ത പ്രദേശമാണ്. മലയാള കവിതാശകലങ്ങളിൽ തന്നെ പുന്നമടക്കായലിനെ കുറിച്ച് എത്രമാത്രം വർണ്ണനകളാണ് ഉള്ളത്. ആ കായലുകളുടെയും

LIBRARY ARCHIVES Kerala Legislative Assembly

കനാലുകളുടെയും ഇന്നത്തെ അവസ്ഥ ശോചനീയമാണ്. ഒരു കാലത്ത് രാജാ കേശവദാസനെ പോലുള്ള തിരുവിതാംകൂർ ദിവാന്മാർ രൂപകല്പനചെയ്ത ഒരു പട്ടണം, നല്ല പ്ലാനിംഗ്ങ്ങോടുകൂടി കേരളത്തിൽ ഉണ്ടാക്കപ്പെട്ട ഒരു പട്ടണമാണ് ആലപ്പുഴ പട്ടണം. പക്ഷേ ആ കനാലുകൾ ഇന്ന് മാലിന്യക്കുമ്പാരങ്ങൾ നിക്ഷേപിക്കപ്പെട്ട പ്രദേശമായി മാറി. കായലുകൾ ഒക്കെതന്നെ പോളകൾ നിറഞ്ഞ് മലിനമാണ്. ഇതിന് ഒരു ശാപമോക്ഷം അനിവാര്യമാണ്. ശാപമോക്ഷം കാത്തിരിക്കുന്ന ഒരു അഹല്യയെപ്പോലെയാണ് ഇന്ന് ആലപ്പുഴ പട്ടണം എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇതിന് പരിഹാരം ഉണ്ടായേ മതിയാകൂ. നമ്മൾ എല്ലാ കാലഘട്ടങ്ങളിലും പ്രകൃതി രമണീയതയെക്കുറിച്ചും ടൂറിസം വികസനത്തെക്കുറിച്ചുമൊക്കെ ചിന്തിക്കുമെങ്കിലും യാതൊരു ഫലപ്രദമായ നടപടികളും ഉണ്ടാകുന്നില്ല എന്നുള്ളതിന്റെ ലക്ഷണമാണ് ആലപ്പുഴയുടെ ഇന്നത്തെ ശോചനീയാവസ്ഥ. ഒരു കാലത്ത് വാണിജ്യകേന്ദ്രങ്ങളിൽ തുറമുഖം ഉണ്ടായിരുന്ന കാലഘട്ടം, ഏറ്റവും വലിയ വാണിജ്യ കേന്ദ്രമായിരുന്ന പ്രദേശം, ഇന്ന് തുറമുഖം നാമാവശേഷമായി. കടൽപ്പാലം പോലും കഴിഞ്ഞ ഒരു വർഷം മുൻപ് ഇല്ലാതായിപ്പോയിരിക്കുകയാണ്. ഇത് ഒരു നഷ്ട പ്രതാപത്തിന്റെ കഥ പറയുന്നതിനുവേണ്ടിയുള്ള ബിൽ അല്ല. ഒരു കാലഘട്ടത്തിൽ കേരളത്തിൽ സാംസ്ക്കാരികമായ, വ്യാവസായികമായ വളർച്ചയ്ക്ക് ഏറ്റവും കൂടുതൽ മുൻതൂക്കം നൽകിയ ഒരു പട്ടണം, ഇന്ന് നമ്മുടെയൊക്കെ അവഗണനകൊണ്ട് നാശോന്മുഖമായിക്കൊണ്ടിരിക്കുമ്പോൾ അതിൽനിന്നും അതിനെ കരകയറ്റണം. അവിടെ ഇരിക്കുന്ന ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും, ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷ നേതാവും ഉൾക്കൊള്ളുന്ന ജില്ലയാണ് ആലപ്പുഴ ജില്ല. വിപ്ലവ പ്രസ്ഥാനങ്ങളുടെയൊക്കെ തന്നെ ഈറ്റിലം എന്നുപറയുന്ന പുന്നപ്രയുടേയും, വയലാറിന്റേയും കേന്ദ്രഭൂമിയാണ് ഈ ആലപ്പുഴ. ആലപ്പുഴയുടെ ഉന്നമനത്തിനുവേണ്ടിയുള്ള ഒരു ബില്ലാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്.

മി. സ്പീക്കർ : അങ്ങേക്ക് അടുത്ത ദിവസം തുടരാം.

ശ്രീ. കെ. സി. വേണുഗോപാൽ : നമ്മളെ സംബന്ധിച്ചിടത്തോളം ഇന്ന് ഈ സഭയുടെ അവസാനത്തെ അനൗദ്യോഗിക ബില്ലിന്റെ ദിവസമാണ്. നമ്മൾ ഷെഡ്യൂൾ ചെയ്തതനുസരിച്ച് അടുത്തൊരു ദിവസം ഇല്ല.

മി. സ്പീക്കർ : ഇപ്പോൾ അതെ മാർഗ്ഗമുള്ളൂ, ജനങ്ങൾ സഹായിച്ചാൽ അടുത്ത പ്രാവശ്യം തുടരാം.

ശ്രീ. കെ. സി. വേണുഗോപാൽ : അക്കാര്യത്തിൽ തുടർന്നാലും തുടർന്നില്ലെങ്കിലും ആലപ്പുഴയുടെ പ്രശ്നം കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും ഗൗരവതരമായ പ്രശ്നമാണ്. ഈ പ്രശ്നം ഞാൻ അവതരിപ്പിക്കുന്നു.

(ചർച്ച തുടരും)

LIBRARY ARCHIVES Kerala Legislative Assembly